| | | |
|---|---|---|
| ഇമാമും ഒറ്റക്ക് നമസ്കരിക്കുന്നവനും ഒരു മറ സ്വീകരിച്ച് നമസ്കരിക്കൽ സുന്നത്താണ്. ഇമാമിന്റെ മറ തന്നെ മതി ഇമാമിന് പിന്നിലുള്ളവർക്കും. | يسنُّ أن يصلي الإمام والمنفرد إلى سترة ، وسترة الإمام سترةٌ لمن خلفه. | ١ |
| നമസ്കരിക്കുന്നവന്റെ ദൃഷ്ടി സുജൂദിന്റെ സ്ഥലത്തേക്ക് തിരിക്കണം, അവൻ തിരിഞ്ഞ് നോക്കരുത്. | ويجعل بصره إلى موضع سجوده ، ولا يتلفت. | ٢ |
| രണ്ട് തോളെല്ലുകൾക്കിടയിലുള്ള അകല മായിരിക്കണം അവന്റെ രണ്ട് കാൽ പാദങ്ങൾക്കിടയിലും ആക്കേണ്ടത്, കൂട്ടുകയോ കുറക്കുകയോ ചെയ്യാൻ പാടില്ല. അതിന് പുറത്തുള്ളവയെ അവൻ ഒതുക്കി നേരെയാക്കണം. | ويجعل ما بين قدميه كما بين منكبيه، لا يزيد ولا ينقص ، ويسوي خارجهما. | ٣ |
| നമസ്കാരത്തിന്റെ നിബന്ധനകൾ ചെയ്ത ശേഷം അവൻ അവന്റെ രണ്ട് കൈകളും വിരലുകൾ ചേർത്ത് വെച്ച് കൈപടത്തിന്റെ ഉൾഭാഗം ക്വിബ്‌ലക്ക് നേരെ ആക്കി തോളിന് നേരെയോ ചെവിക്ക് നേരെയോ ഉയർത്തി 'അല്ലാഹു അക്ബർ' എന്ന് പറയണം. | بعد أن يأتي بشروط الصلاة ، يقول « اللهُ أكبرُ » ، مع رفع اليدين مضمومة الأصابع حذو الأذنين أو المنكبين، ويجعل باطن الكَفين جهة القبلة. | ٤ |
| പിന്നെ അവന്റെ നെഞ്ചിൻ മേൽ, അവന്റെ വലത് കൈപടത്തിന്റെ ഉൾഭാഗം ഇടത് കൈപടത്തിന്റെ മുകളിലായി വെക്കുകയോ പിടിക്കുകയോ വേണം. | ثمّ يضع باطن كفّه اليمنى على ظاهر كفّه اليسرى والرُسغ والسّاعد ، «على صدره» أو يقبض. | ٥ |
| പിന്നെ അവൻ ഒന്നാമത്തെ റക്അത്തിൽ മാത്രം പ്രാരംഭ പ്രാർത്ഥന ചൊല്ലണം. പ്രാരംഭ പ്രാർത്ഥനയിൽ സ്ഥിരപ്പെട്ട പ്രാർത്ഥനകൾ മാറി മാറി ചൊല്ലൽ ഉത്തമമാണ്. അപ്പോൾ അവന് سُبْحَانك اللّهم وبحَمْدِك وتبارك اسْمُك، وتعالى جَدُك، ولا إله غَيْرك എന്ന് ചൊല്ലാം. | ثم يستحبُ له قراءة دعاء الاستفتاح في الركعة الأولى فقط ، والأولى أن ينوّع بين الأدعية الواردة في الاستفتاح<br>فيقول : سُبْحَانك اللّهم وبحَمْدِك وتبارك اسْمُك، وتعالى جَدُك، ولا إله غَيْرك. | ٦ |
| പിന്നെ അവൻ أعوذُ باللهِ منَ الشيطانِ الرجيمِ (ഇസ്തിആദ) ചൊല്ലണം. | ثم يستعيذ بما ورد كأن يقول « أعوذُ باللهِ منَ الشيطانِ الرجيمِ.« | ٧ |
| പിന്നെ ബിസ്മി ചൊല്ലി ഫാതിഹയുടെ ആയത്തുകളുടേയും, പദങ്ങളുടേയും, അക്ഷരങ്ങളുടേയും, ഹറകത്തുകളുടേയും ക്രമമനുസരിച്ച് അത് ചൊല്ലണം.<br>بِسْمِ اللَّـهِ الرَّحْمَـٰنِ الرَّحِيمِ ﴿١﴾ الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ ﴿٢﴾ الرَّحْمَٰنِ الرَّحِيمِ ﴿٣﴾ مَالِكِ يَوْمِ الدِّينِ ﴿٤﴾ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴿٥﴾ اهْدِنَا الصِّرَاطَ الْمُسْتَقِيمَ ﴿٦﴾ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ﴿٧﴾ | ثم يبسمل ويقرأ الفاتحة مرتبة بآياتها وكلماتها وحروفها وحركاتها.<br>بِسْمِ اللَّـهِ الرَّحْمَـٰنِ الرَّحِيمِ ﴿١﴾ الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ ﴿٢﴾ الرَّحْمَٰنِ الرَّحِيمِ ﴿٣﴾ مَالِكِ يَوْمِ الدِّينِ ﴿٤﴾ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴿٥﴾ اهْدِنَا الصِّرَاطَ الْمُسْتَقِيمَ ﴿٦﴾ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ﴿٧﴾ | ٨ |
| പിന്നെ അവന് ഇസ്തിആദ ഇല്ലാതെ ക്വുർആനിൽ നിന്ന് എളുപ്പമുള്ളത് സുന്നത്തായി ഓതണം.<br>അവൻ സൂറത്തിന്റെ തുടക്കത്തിൽ മാത്രം ബിസ്മി ചൊല്ലണം. | ثمّ يقرأ ما تيسّر من القرآن استحباباً بلا استعاذة ، ويبسمل في أول السُور فقط. | ٩ |
| പിന്നെ തക്ബീറതുൽ ഇഹ്റാമിന് കൈ ഉയർത്തിയ പോലെ അല്ലാഹു അക്ബർ എന്ന് പറഞ്ഞ് കൊണ്ട് റുകൂഅ് ചെയ്യണം. പിന്നെ കൈമുട്ട് വളക്കാതെ അവന്റെ കാൽമുട്ടിൽ അവൻ പിടിക്കണം. അവന്റെ മുതുക് തലയോടൊപ്പം നേരെയാക്കി വെക്കണം, | ثم يرفع يديه كما رفع في تكبيرة الإحرام قائلاً « اللهُ أكبرُ » ويركع ، ثم يقبض على ركبتيه ولا يثني مرفقيه ، ويجعل الظهر مستوياً مع رأسه ، ويقول مرة واحدة وجوباً: | ١٠ |

| | | |
|---|---|---|
| നിർബന്ധമായി ഒരു പ്രാവശ്യം سبحان ربي العظيم എന്ന് പറയുകയും വേണം. സ്ഥിരപ്പെട്ട് വന്നത് കൂടുതൽ ചൊല്ലൽ സുന്നത്താണ്. | « سبحان ربي العظيم » ويستحب له أن يزيد بما ورد. | |
| പിന്നെ രണ്ട് കൈകളും തോളിലേക്കോ ചെവിയിലേക്കോ ഉയർത്തി റുകൂഇൽ നിന്ന് ഉയരുമ്പോൾ ഇഅ്തിദാലിന് മുമ്പായി سمع الله لـمن حـمـده എന്ന് പറയണം. | ثـمّ مـع الـرفـع وقبل الاعتدال يقول : « سمع الله لـمن حـمـده » ، مـع رفـع الـيـديـن حذو الأذنين أو الـمـنـكـبـين | ١١ |
| റുകൂഇൽ നിന്ന് ഉയർന്ന് നേരെ നിന്നാൽ ربـنـا ولـك الـحـمـد എന്ന് പറയണം. സ്ഥിരപ്പെട്ട പ്രാർത്ഥന വർദ്ധിപ്പിക്കൽ സുന്നത്താണ്. | فإذا اعـتـدل قـال : « ربـنـا ولـك الـحـمـد » ، ويستحب له أن يزيد بما ورد. | ١٢. |
| പിന്നെ കൈ ഉയർത്താതെ തക്ബീർ ചൊല്ലി ഏഴ് അവയവങ്ങളിലായി സുജൂദ് ചെയ്യണം. അവ: നെറ്റി - മൂക്ക്, രണ്ട് കൈപടങ്ങളുടെ ഉൾഭാഗം, രണ്ട് കാൽ മുട്ടുകൾ, രണ്ട് കാലുകളുടെയും വിരലുകളുടെ ഉൾഭാഗങ്ങൾ എന്നിവയാണ്. | ثمّ يكبّر بلا رفع لليدين ويسجد على الأعضاء الـسـبـعـة : الـجـبـهـة والأنـف وبـاطـن الـكفين والرُّكبتين وباطن أصابع الرجلـيـن. | ١٣ |
| അവന്റെ രണ്ട് കക്ഷങ്ങൾക്കിടയിലും കാൽതുടയും വയറിനുമിടയിലും, കാൽതുടയും കണങ്കാലിനുമിടയിലും അകറ്റി വെക്കണം. അവന്റെ മുഴം കൈ നിലത്ത് നിന്നും ഉയർത്തി വെക്കുകയും വേണം. | ويجافي بين الإبطين وبين البطن والفخذ وبين الفخذ والسّاق ، ويرفع ذراعيه عن الأرض. | ١٤ |
| سبحان ربي الأعلى എന്ന് ഒരു തവണ നിർബന്ധമായും പറയണം. സ്ഥിരപ്പെട്ട് വന്നത് വർദ്ധിപ്പിക്കൽ സുന്നത്താണ്. അവന് ഇഷ്ടമുള്ളത് പ്രാർത്ഥിക്കാം, ഹദീസിൽ വന്നത് പ്രാർത്ഥിക്കുന്നതാണ് അഭികാമ്യം. | ويـقـول : « سبحان ربي الأعلى » مـرة واحـدة وجوباً ، ويُستحبُ له أن يزيد بما ورد ، وله أن يـدعـو بما أحبّ ، والأولى أن يدعو بالأدعية الواردة. | ١٥ |
| പിന്നെ തക്ബീർ ചൊല്ലി ഇടത് കാലിൻമേൽ ആയി പടിഞ്ഞിരിക്കണം, വലതു കാൽ നാട്ടി വെക്കുകയും അതിന്റെ വിരലുകളുടെ ഉൾഭാഗം ഭൂമിയിൽ വെക്കുകയും വിരലുകൾ ക്വിബ്ലക്ക് നേരെയാക്കുകയും വേണം. കൈപടങ്ങളുടെ ഉൾഭാഗം രണ്ട് തുടകളുടേയും അറ്റത്തായി വെക്കുകയും رب اغفر لي എന്ന് പറയുകയും വേണം. മൂന്നും നാലും റക്അത്തുകളുള്ള നമസ്കാരങ്ങളിലെ അവസാനത്തെ ഇരുത്തമൊഴിച്ച് നമസ്കാരത്തിലെ എല്ലാ ഇരുത്തങ്ങളും ഇങ്ങനെയാണ്, അപ്പോൾ ഇടത് കാൽ വലത് കണങ്കാലിന്റെ അടിയിലായി വെച്ച് തവറുക് ആക്കും. | ثم يكبّر ويجلس على رجله اليسرى مفروشة ، وينصب اليمنى ويجعل باطن أصابع اليمنى على الأرض وأصابعها إلى القبلة ، ويجعل باطن الكّفين على نهاية الفخذين ويقول « رب اغفر لي » ، هذا الجلوس في كلّ جلسات الصّلاة إلا في الثلاثية والرُباعية في التّشهد الأخير يتورّك بأن يجعل رجله اليسرى تحت ساق اليمنى. | ١٦ |
| പിന്നെ തക്ബീർ ചൊല്ലി ഒന്നാമത്തെ സുജൂദ് പോലെ സുജൂദ് ചെയ്യും. പിന്നെ തക്ബീർ ചൊല്ലി രണ്ടാമത്തെ റക്അത്തിനായി എഴുന്നേൽക്കും. അതിൽ ഒന്നാമത്തെ റക്അത്തിൽ ചെയ്തത് പോലെ ചെയ്യണം. രണ്ടാമത്തെ റക്അത്തിൽ തക്ബീറത്തുൽ ഇഹ്റാമോ പ്രാരംഭ പ്രാർത്ഥനയോ ഇല്ല. | ثـم يـكـبـّر ويـسـجـد كـالـسّـجـدة الأولـى ، ثـم يـكبّر ويـقـوم لـلرّكـعـة الثانية ويصنع فيها كـمـا صـنـع فـي الأولـى إلا أنّ الـثـانـيـة لـيـس فـيـها تـكـبـيـرة إحـرام ولا دعاء استفتاح. | ١٧ |
| രണ്ടാമത്തെ റക്അത്തിലെ രണ്ടാമത്തെ സുജൂദ് കഴിഞ്ഞാൽ തശഹ്ഹുദിനായി ഇരിക്കണം. | فإذا فـرغ مـن الـسـجـدة الـثـانـيـة جلس للتشّهد. | ١٨ |

| | | |
|---|---|---|
| അവന്റെ ചൂണ്ടു വിരൽ ചൂണ്ടുകയും നടു വിരലും തള്ള വിരലും ചേർത്ത് വളയമാക്കുകയും ചൂണ്ടുവിരൽ ഇളക്കിക്കൊണ്ട് പ്രാർത്ഥിക്കുകയും വേണം. | وأشار بإصبعه المسبِّحة السّبّابة وحلّق الوسطى والإبهام ، يحرّكها يدعو بها . | ١٩ |
| തശഹ്ഹുദും ഇബ്റാഹീമി സ്വലാതും ചൊല്ലണം.<br>التحيات لله، والصلوات والطيبات، السلام عليك أيها النبي ورحمة الله وبركاته، السلام علينا وعلى عباد الله الصالحين، أشهد أن لا إله إلا الله، وأشهد أن محمدًا عبده ورسوله ، اللَّهُمَّ صل على محمد وعلى آل محمد، كما صليت على إبراهيم وعلى آل إبراهيم؛ إنك حميد مجيد، اللَّهُمَّ بارك على محمد وعلى آل محمد كما باركت على إبراهيم وعلى آل إبراهيم ؛ إنك حميد مجيد | ويقرأ التشهد ثمّ الصّلاة الإبراهيمية « التحيات لله، والصلوات والطيبات، السلام عليك أيها النبي ورحمة الله وبركاته، السلام علينا وعلى عباد الله الصالحين، أشهد أن لا إله إلا الله، وأشهد أن محمدًا عبده ورسوله ، اللَّهُمَّ صل على محمد وعلى آل محمد، كما صليت على إبراهيم وعلى آل إبراهيم؛ إنك حميد مجيد، اللَّهُمَّ بارك على محمد وعلى آل محمد كما باركت على إبراهيم وعلى آل إبراهيم ؛ إنك حميد مجيد. | ٢٠ |
| പിന്നെ നാല് കാര്യങ്ങളിൽ നിന്ന് അല്ലാഹുവിൽ രക്ഷ ചോദിക്കണം.<br>اللهم إني أعوذ بك من عذاب جهنم ، وأعوذ بك من عذاب القبر ، وأعوذ بك من فتنة الدجال ، وأعوذ بك من فتنة المحيا والممات<br>പിന്നെ അവന് ഇഷ്ടമുള്ളത് പ്രാർത്ഥിക്കാം. അതിൽ ഉത്തമമായതാണ് اللهم أعنّي على ذكرك وشكرك وحسن عبادتك എന്ന സ്ഥിരപ്പെട്ട പ്രാർത്ഥന. | ثم يستعيذ من أربع « اللهم إني أعوذ بك من عذاب جهنم ، وأعوذ بك من عذاب القبر ، وأعوذ بك من فتنة الدجال ، وأعوذ بك من فتنة المحيا والممات » ، ودعا بما أحبّ ، والأولى بما ورد مع قول :« اللهم أعنّي على ذكرك وشكرك وحسن عبادتك .« | ٢١ |
| പിന്നെ വലത്തോട്ടും ഇടത്തോട്ടും തിരിഞ്ഞ് السلام عليكم ورحمة الله എന്ന് സലാം പറയും. അപ്പോൾ തോൾഭാഗം തിരിയാതെ തല മാത്രം തിരിക്കണം. തല മുകളിലോട്ടും താഴോട്ടും ചലിപ്പിക്കാതെയും കൈ കൊണ്ട് ആംഗ്യം കാണിക്കാതെയുമാകണം ഇത്. | ثـمّ يسلم تسليمتين عن يمينه وعن يساره ويقول « السلام عليكم ورحمة الله » ويلتفت برأسه فقط دون منكبيه ، وبدون تحريكٍ للرّأس للأعلى والأسفل، ودون الإشارة بيديه. | ٢٢ |
| തയ്യാറാക്കിയത്: ഡോ. ഹൈസം സർഹാൻ, മസ്ജിദുന്നബവിയിലെ അധ്യാപകനും, മഅ്ഹദുസ്സുന്നയുടെ (Mahadussunna.com) ഡയറക്ടറുമാണ് ലേഖകൻ. | إعداد : د.هيثم سرحان ، المدرس بالمسجد النبوي والمشرف على « معهد السنة: Mahadussunna.com | ٢٣ |
| പകർപ്പാവകാശവും, പ്രസാധനവും, വിതരണവും അനുവദനീയമാണ്. | حقوق الطبع والنشر والتوزيع متاحة. | ٢٤ |
| ലഘുലേഖയുടെ പരിഭാഷക്ക് Sarhan.com സന്ദർശിക്കുക.<br>അല്ലെങ്കിൽ ബാർക്കോട് സ്കാൻ ചെയ്യുക | لترجمة المطوية :<br>Sarhan.com<br>أو امسح الباركود | ٢٥ |
| നബി ﷺ യുടെ നമസ്കാരത്തിന്റെ രൂപം | صفة صلاة النبي ﷺ | ٢٦ |